ലേഖനം

എ. റശീദുദ്ദീൻ

# ഗുജറാത്ത് തെരഞ്ഞെടുപ്പുഫലം നൽകുന്ന അപായ സൂചനകൾ

**ഗുജറാത്തിലെ** തെരഞ്ഞെടുപ്പിൽ ആരു ജയിച്ചു എന്ന കാര്യം ഇനി ചർച്ച ചെയ്തിട്ടു കാര്യമില്ല. പരാജയത്തിന്റെ ഉത്തരവാദിത്വം ആരുടേതെന്ന പോസ്റ്റ്മോർട്ടത്തിനും അർഥമില്ലാതായി. ആരെയെങ്കിലും അവ പുനരാലോചനക്ക് പ്രേരിപ്പിക്കുന്നുണ്ടെങ്കിലേ വിശകലനത്തിൽ പോലും അർഥമുള്ളൂ. മതേതര വിശ്വാസികളെ അങ്ങേയറ്റം നിരാശരാക്കുന്ന ഒന്നായി നരേന്ദ്ര മോഡിയുടെ വിജയം. ഇന്ത്യാ ചരിത്രത്തെ തന്നെ ഇനിയങ്ങോട്ട് നിശ്ചയിക്കുക മോഡിയുടെ ഈ വിജയമാണ് എന്നത് തർക്കമറ്റ വസ്തുതയാണ്. ദേശീയ രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ എല്ലാ അർഥത്തിലും തകർന്ന അവസ്ഥയിലാണ് ബി.ജെ.പി ഗുജറാത്ത് തെരഞ്ഞെടുപ്പിനെ നേരിട്ടത്. ഈയിടെയായി രാജ്യത്തു നടന്ന മിക്ക തെരഞ്ഞെടുപ്പുകളിലും പാർട്ടിയുടെ ഗ്രാഫ് താഴോട്ടുപോയിക്കൊണ്ടിരുന്നു. തലമുതിർന്ന രണ്ടു നേതാക്കളെ മാറ്റിനിർത്തിയാൽ പാർട്ടിയിൽ കഴിവുള്ള ആരും തന്നെ ചിത്രത്തിൽ ഉണ്ടായിരുന്നില്ല. പാർലമെന്റിൽ ഭരണകക്ഷിക്കെതിരെ ജനങ്ങളെ ബാധിക്കുന്ന അടിസ്ഥാനപരമായ ഒരു വിഷയവും അടുത്ത കാലത്തൊന്നും ബി.ജെ.പി കൊണ്ടുവന്നിരുന്നില്ല. എന്നല്ല ബി.ജെ.പിയേക്കാൾ നല്ല പ്രതിപക്ഷമായി സഭയിൽ പ്രവർത്തിച്ചത് യു.പി.എക്ക് പിന്തുണ നൽകിവരുന്ന ഇടതുകക്ഷികൾ തന്നെയായിരുന്നു. നേതാക്കളില്ല, പരിപാടികളില്ല, വിഷയങ്ങളില്ല ഇതായിരുന്നു പാർട്ടിയുടെ അവസ്ഥ. എല്ലാറ്റിനുമുപരിയായി ഒന്നുമില്ലായ്മയിലും പാർട്ടിക്കകത്ത് തൊഴുത്തിൽകുത്തിന് ഒരു ക്ഷാമവും ഉണ്ടായിരുന്നുമില്ല. പക്ഷേ ഗുജറാത്തിൽ മോഡി ജയിച്ചതോടെ ബി.ജെ.പി ദേശീയ തലത്തിൽ അതിവേഗം ബഹുദൂരം മുന്നോട്ടുപോയിരിക്കുന്നു.

ഗുജറാത്തിന്റെ കാര്യവും വ്യത്യസ്തമായിരുന്നില്ല. അവിടെ ഒരു നേതാവിനെയും അയാളുടെ പ്രതിഛായയെയും കുറിച്ച തെരഞ്ഞെടുപ്പായിരുന്നു നടന്നത്. ഇതിനെ എങ്ങനെ എതിരിടണമെന്ന് കോൺഗ്രസ്സിന് അറിയുമായിരുന്നില്ല. വ്യക്തിത്വത്തെ വ്യക്തിത്വം കൊണ്ടു നേരിടാൻ പറ്റിയ ആരും അവരുടെയൊപ്പം ഉണ്ടായിരുന്നില്ല. മോഡി മാഹാത്മ്യത്തെ വികസനവുമായി ബന്ധപ്പെടുത്തി എതിരിടാനാണ് തുടക്കത്തിൽ കോൺഗ്രസ് ശ്രമിച്ചത്. സംസ്ഥാന സർക്കാറല്ല കേന്ദ്രസർക്കാറാണ് വികസനം കൊണ്ടുവന്നത് എന്ന് സ്ഥാപിക്കാനുള്ള കണക്കുകളായിരുന്നു ഒന്നാംഘട്ടത്തിൽ ഉടനീളം പാർട്ടിയുടെ നേതാക്കൾ പറഞ്ഞുകൊണ്ടിരുന്നത്. ഗുജറാത്ത് എന്ന വലിയ ചളിക്കുണ്ടിനെ അൽപം പോലും ശുദ്ധീകരിക്കാതെ അതിന്റെ കരക്കിരുന്ന് ചന്ദനത്തിരി കത്തിക്കുന്ന ഏർപ്പാടായിരുന്നു ഇത്. പിന്നീട് ഒരു ഘട്ടത്തിൽ സോണിയാ ഗാന്ധിക്കു തോന്നി, ശരി! അടിസ്ഥാന യാഥാർഥ്യങ്ങളെ തന്നെ നേരിട്ടു കളയാമെന്ന്. അങ്ങനെയാണ് മോഡിയെ സോണിയ മരണത്തിന്റെ വ്യാപാരിയെന്നു വിളിക്കുന്നത്. അഞ്ചുകൊല്ലം മുമ്പേ അങ്ങനെ വിളിച്ചുതുടങ്ങിയിരുന്നുവെങ്കിൽ ഗുജറാത്തിൽ മാത്രമല്ല ഇന്ത്യയിൽ തന്നെ മോഡി എന്ന പ്രതിഭാസം എന്നെന്നേക്കുമായി ഇല്ലാതായിട്ടുണ്ടാവുമായിരുന്നു. ഒടുവിലെങ്കിലും സോണിയ വിളിക്കേണ്ടതു വിളിച്ചപ്പോൾ അണികൾ എന്തു ചെയ്തു എന്നുള്ളതും പ്രധാനമാണ്. ഗുജറാത്തിലെ കോൺഗ്ര

**ഗുജറാത്ത് എന്ന വലിയ ചളിക്കുണ്ടിനെ അൽപം പോലും ശുദ്ധീകരിക്കാതെ അതിന്റെ കരക്കിരുന്ന് ചന്ദനത്തിരി കത്തിക്കുന്ന ഏർപ്പാടായിരുന്നു ഇത്. പിന്നീട് ഒരു ഘട്ടത്തിൽ സോണിയാ ഗാന്ധിക്കു തോന്നി, ശരി! അടിസ്ഥാന യാഥാർഥ്യങ്ങളെ തന്നെ നേരിട്ടു കളയാമെന്ന്. അങ്ങനെയാണ് മോഡിയെ സോണിയ മരണത്തിന്റെ വ്യാപാരിയെന്നു വിളിക്കുന്നത്. അഞ്ചുകൊല്ലം മുമ്പേ അങ്ങനെ വിളിച്ചുതുടങ്ങിയിരുന്നുവെങ്കിൽ ഗുജറാത്തിൽ മാത്രമല്ല ഇന്ത്യയിൽ തന്നെ മോഡി എന്ന പ്രതിഭാസം എന്നെന്നേക്കുമായി ഇല്ലാതായിട്ടുണ്ടാവുമായിരുന്നു.**

സ് നേതാക്കൾ ഒന്നൊഴിയാതെ ഇതിന്റെ മാപ്പുസാക്ഷികളായി. 'ചാണകക്കുഴി' യിൽനിന്നും വാരിയെറിഞ്ഞു കൊണ്ടായിരുന്നു മോഡി അതിന് തിരിച്ചടി നൽകിയത്. താൻ പുറംമോടി കാട്ടി ഒളിപ്പിച്ച എന്തെല്ലാം വൈകൃതങ്ങളുണ്ടോ അവ ഒന്നൊഴിയാതെ മോഡി വലിച്ചു പുറത്തിട്ടു. ഇസ്‌ലാമിക ഭീകരതയും വർഗീയതയും ഗുജറാത്തിന്റെ അസ്മിതയുമൊക്കെ തെരഞ്ഞെടുപ്പിന്റെ വിഷയങ്ങളായി. നിർണായകമായ ഈ ഘട്ടത്തിൽ പതറിയതായിരുന്നു കോൺഗ്രസ്സിന്റെ പരാജയത്തിന് കാരണമായത്. ഗുജറാത്തിലെ ഭൂരിപക്ഷം ജനങ്ങളും ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്നവരാണ് എന്ന് ആദ്യമേ പാർട്ടി തീരുമാനിച്ചുകഴിഞ്ഞിരുന്നു. ഈ ഹിന്ദുത്വത്തെ പ്രകോപിപ്പിക്കാതിരിക്കുകയും കഴിയുന്നത്ര ആകർഷിക്കുകയും ചെയ്യലാണ് വിജയത്തിലേക്കുള്ള തങ്ങളുടെ സൂത്രവാക്യമായി പാർട്ടി കണ്ടുവെച്ചത്.

ആർ.എസ്.എസ്സിനകത്തെ അസംതൃപ്തി, ബി.ജെ.പി വിമതരുടെ സാന്നിധ്യം, വി.എച്ച്.പിയും ഇതര സംഘ് പരിവാർ സംഘടനകളും മോഡിക്കെതിരെ നീങ്ങുന്നത്, കർഷകരിലെയും ഗ്രാമീണരിലെയും അസംതൃപ്തി, കേശുഭായി പട്ടേലിന്റെ രംഗപ്രവേശംമൂലം മാറിയ ജാതി സമവാക്യങ്ങൾ തുടങ്ങിയവ തങ്ങളെ ജയിപ്പിക്കുമെന്ന് കോൺഗ്രസ് വെറുതെ മനക്കോട്ട കെട്ടി. ഒരുപക്ഷേ ഈ ഘടകങ്ങൾ കോൺഗ്രസ്സിനെ ജയിപ്പിക്കുമായിരിക്കാം. പക്ഷേ അത് പാർട്ടി ഉറപ്പുവരുത്തിയത് എങ്ങനെയായിരുന്നു? ആർ.എസ്.എസ്സിന്റെ ഭാഗത്തുനിന്നും ഒരു സൂചന പോലും കോൺഗ്രസ്സിന് അനുകൂലമായി പുറത്തു വന്നിട്ടില്ല. ചിമൻഭായി പട്ടേലിന്റെയും മാധവ് സിംഗ് സോളങ്കിയുടെയും കാലത്ത് സംഘുമായി ഉണ്ടാക്കിയിരുന്ന രഹസ്യബാന്ധവത്തിനു പോലും ഇക്കുറി നീക്കം നടന്നിട്ടില്ല. വി.എച്ച്.പിക്കാർ ഒന്നുകിൽ വോട്ടു ചെയ്യാനേ പോയില്ല, അല്ലെങ്കിൽ രഹസ്യമായി മോഡിക്കു തന്നെ ബട്ടനമർത്തി. ഇന്നത്തെ ഗുജറാത്തിൽ കേശുഭായി പട്ടേൽ എന്താണെന്ന് മറന്നു കൊണ്ടാണ് അദ്ദേഹത്തിന്റെയും ഒപ്പമുള്ളവരുടെയും അസംതൃപ്തി തങ്ങൾക്ക് വോട്ടാകുമെന്ന് കോൺഗ്രസ് പ്രതീക്ഷിച്ചത്. '90-കളിൽ പട്ടേൽ സമുദായത്തിന്റെ കൺകണ്ട നേതാവായിരുന്നു കേശുഭായി എങ്കിൽ 2002-ൽ തന്നെ ചിത്രം മാറിയിരുന്നു. മോഡിക്കെതിരെ കഴിഞ്ഞ തെരഞ്ഞെടുപ്പിലും കേശുഭായി രഹസ്യമായി ചരടു വലിച്ചിരുന്നു. ഇദ്ദേഹം വെറും കടലാസു പുലിയാണെന്ന് തെരഞ്ഞെടുപ്പു ഫലം തെളിയിക്കുകയും ചെയ്തു. ഇത്തവണ

**വർഗീയ കലാപത്തിൽ ഗുജറാത്ത് വിറങ്ങലിച്ചുനിന്ന 2002-ൽ ബി.ജെ.പിക്കു വേണ്ടി ഗുജറാത്തിൽ പ്രചാരണത്തിനിറങ്ങിയ ഏക എൻ.ഡി.എ നേതാവായിരുന്നു മായാവതി. സംസ്ഥാനത്തെ മുസ്‌ലിംകളിൽ അവരെ കുറിച്ച പ്രതിഛായ അങ്ങേയറ്റം മോശപ്പെട്ടതാണ്. ദലിതരും മുസ്‌ലിംകളും ബ്രാഹ്മണരും യു.പിയിൽ ഇവരോടൊപ്പമുള്ളതു പോലെ ഗുജറാത്തിൽ കാണാൻ കഴിഞ്ഞിരുന്നില്ല. ബി.ജെ.പിയിൽനിന്നും പുറത്തായ ഹിന്ദുത്വ നേതാക്കളിലെ മുഴുവൻ ബ്രാഹ്മണരുമാണ് സംസ്ഥാന ബി.എസ്.പിയെ അടക്കി ഭരിക്കുന്നത്.**

ചിത്രം കുറെക്കൂടി മാറി. പട്ടേൽ സമുദായത്തെ മോഡി വിദഗ്ധമായി രണ്ടു ഭാഗങ്ങളാക്കി വിഭജിച്ചിരുന്നു. ലേവകളും കഡ്‌വകളും. മുഴുവൻ ലേവകളും കേശുഭായിയുടെ ഒപ്പം നിന്നാൽ പോലും കഡ്‌വകൾക്കിടയിലെ അസാധാരണമായ തരംഗം മോഡിക്ക് അനുകൂലമായിരുന്നു. തെരഞ്ഞെടുപ്പു ദിവസം വോട്ടു ചെയ്യാൻ പോകാതിരുന്നതിലൂടെ ബി.ജെ.പിക്ക് എതിരെയും കോൺഗ്രസ്സിന് അനുകൂലമായും തനിക്ക് നിലപാടെടുക്കാൻ കഴിയില്ലെന്ന വ്യംഗ്യമായ സന്ദേശമാണ് കേശുഭായി പട്ടേൽ നൽകിയത്. ഗുജറാത്തിലെ ചാനലുകൾ അന്നേ ദിവസം രാവിലെ മുതൽ ഇക്കാര്യം പ്രചരിപ്പിക്കുന്നുണ്ടായിരുന്നു. അപ്പോൾ പിന്നെ പട്ടേൽ സമുദായത്തിന്റെ വോട്ട് തങ്ങളുടെ പെട്ടിയിൽ വീഴുമെന്ന കോൺഗ്രസ്സിന്റെ പ്രതീക്ഷയുടെ അടിസ്ഥാനം എന്തായിരുന്നു?

സർദാർ പട്ടേൽ ഉൽക്കർഷ് സമിതി എന്ന ബാനറിൽ ബി.ജെ.പി വിമതൻമാർ സംഘടിച്ചതാണ് കോൺഗ്രസ്സിന് പ്രതീക്ഷ ഉയർത്തിയ മറ്റൊരു ഘടകം. പക്ഷേ ഈ വിമതന്മാരുടെ നേതാവായ ഗോർദൻ സാദാഫിയക്ക് കോൺഗ്രസ്സിൽ ചേരാൻ താൽപര്യമുണ്ടായിരുന്നു. വർഗീയ കലാപകാലത്തെ ഈ ആഭ്യന്തര മന്ത്രിക്ക് പാർട്ടിയിൽ അംഗത്വം കൊടുക്കാൻ സ്വാഭാവികമായും കോൺഗ്രസ് മടിച്ചു. ഇദ്ദേഹത്തോടൊപ്പം വേദി പങ്കിടാനും മുതിർന്ന നേതാക്കൾ തയാറായില്ല. ഇതോടെ സാദാഫിയ ഒരു ഭാഗത്ത് ഒറ്റക്കും ശേഷിച്ച വിമതന്മാർ കോൺഗ്രസ്സിനൊപ്പവുമാണെന്ന അവസ്ഥ വന്നു. അതായത് കോൺഗ്രസ്സിന് ഹിന്ദുത്വം വേണം, പക്ഷേ കടുത്ത ബ്രാൻഡിലുള്ള ഹിന്ദുത്വം ആവശ്യവുമില്ല. ഉൽക്കർഷ് സമിതി ആരുടേതെന്ന ചോദ്യത്തിന് ഇതോടെ ഉത്തരം വ്യക്തമല്ലാതായി. ഒരു ഭാഗത്ത് മോഡിയുള്ളപ്പോൾ മൃദുല ബ്രാൻഡ് ഹിന്ദുത്വക്കാരെ ജനം എന്തിന് സ്വീകരിക്കണം എന്ന ചോദ്യം തീർച്ചയായും ഈ തെരഞ്ഞെടുപ്പിൽ ഉയർന്നു. ചുറ്റുപാടുകൾ കാണാതിരിക്കാൻ സ്വന്തം തല മണലിൽ പൂഴ്ത്തിവെക്കുന്ന ഒട്ടകപക്ഷിയുടെ നയമാണ് ഇതിന് കോൺഗ്രസ് കണ്ടെത്തിയ പോംവഴി. വിമതന്മാരെ മുഴുവൻ ഉൽക്കർഷ് സമിതിയുടെ ബാനറിൽ രംഗത്തിറക്കി അവർക്ക് പിന്തുണ നൽകലായിരുന്നു ബുദ്ധി. ഇന്നലെവരെ മോഡിയോടും അദ്ദേഹം പ്രതിനിധാനം ചെയ്ത ആശയത്തോടും കൂറു പുലർത്തിയവരായിരുന്നു ഈ വിമതന്മാർ. ഒരു സുപ്രഭാതത്തിൽ കോൺഗ്രസ്സിന്റെ ഉപാസകരായി മാറുകയല്ല ഇവർ ചെയ്തത്. മറിച്ച്, മോഡിയോടുള്ള വ്യക്തിപരമായ ശത്രുതയുടെ പേരിൽ ബി.ജെ.പി വിടുകയാണ്. ഈ അവസരവാദികളിൽ പലരോടുമൊപ്പം വോട്ടർമാർ ഉണ്ടായിരുന്നില്ല. ബി.ജെ.പിയിൽനിന്നും കാലുമാറി കോൺഗ്രസ്സിലെത്തിയ ഈ 11 നേതാക്കളോടൊപ്പം പ്രാദേശിക നേതാക്കളുടെ ഒഴുക്ക് ഒരിടത്തും ഉണ്ടായിട്ടില്ല. ഗുജറാത്തിലെ പോലെ മതേതരത്വവും വർഗീയതയും വ്യക്തമായി ചേരിതിരിഞ്ഞ ഒരു സംസ്ഥാനത്ത് ഇവർ വോട്ടർമാരുടെ മുമ്പിൽ ഉണ്ടാക്കാൻ പോകുന്ന പ്രതിഛായ എന്തായിരുന്നു? ഒന്നുകിൽ മോഡിയേക്കാൾ വർഗീയത പറയണമായിരുന്നു. അല്ലെങ്കിൽ കോൺഗ്രസ്സിനേക്കാൾ മതേതരത്വം പ്രസംഗിക്കേണ്ടിയിരുന്നു. രണ്ടിനുമിടയിൽ ഒരു മേഖല വേർതിരിച്ചെടുക്കുക അവിടെ സാധ്യമല്ലായിരുന്നു. മോഡി എന്ന വ്യക്തിയെ മാത്രം വിമർശിച്ചും ഹിന്ദുത്വം എന്ന ആശയത്തെ ഉയർത്തിക്കാട്ടിയുമാണ് ഈ വിമതന്മാർ തെരഞ്ഞെടുപ്പ് നേരിട്ടത്. അതുകൊണ്ടാണ് ഒരാളൊഴികെ ബാക്കിയുള്ള മുഴുവൻ വിമതരും കൂട്ടത്തോൽവി ഏറ്റുവാങ്ങിയതും.

ഗുജറാത്തിലെ ബി.എസ്.പിയെ കുറിച്ചും ഇതിന് സമാനമായ ചില നിരീക്ഷണങ്ങൾ ഉയർന്നിട്ടുണ്ട്. വർഗീയ കലാപത്തിൽ ഗുജറാത്ത് വിറങ്ങലിച്ചുനിന്ന 2002-ൽ ബി.ജെ.പിക്കു വേണ്ടി ഗുജറാത്തിൽ പ്രചാരണത്തിനിറങ്ങിയ ഏക എൻ.ഡി.എ നേതാവായിരുന്നു മായാവതി. സംസ്ഥാനത്തെ മുസ്‌ലിംകളിൽ അ

വരെ കുറിച്ച പ്രതിഛായ അങ്ങേയറ്റം മോശമാണ്. ദലിതരും മുസ്‌ലിംകളും ബ്രാഹ്മണരും യു.പിയിൽ ഇവരോടൊപ്പമുള്ളതുപോലെ ഗുജറാത്തിൽ കാണാൻ കഴിഞ്ഞിരുന്നില്ല. ബി.ജെ.പിയിൽനിന്നും പുറത്തായ ഹിന്ദുത്വ നേതാക്കളിലെ മുഴുവൻ ബ്രാഹ്മണരുമാണ് സംസ്ഥാന ബി.എസ്.പിയെ അടക്കി ഭരിക്കുന്നത്. ഭൂകമ്പം തകർത്ത ഭുജിൽ ദലിതരെയും മുസ്‌ലിംകളെയും നഗരങ്ങൾക്ക് പുറത്തേക്ക് വെവ്വേറെ മാറ്റിപ്പാർപ്പിച്ച നളിൻ ഭട്ടാണ് മായാവതിയുടെ പാർട്ടിയെ ഗുജറാത്തിൽ നയിക്കുന്നത്. സഞ്ജയ് ജോഷി, ജയ്നാരായൺ വ്യാസ്, നാരായൺ ത്രിവേദി മുതലായ ആർ.എസ്.എസ് നേതാക്കളുടെ ആശിർവാദത്തോടെയാണ് നളിൻഭട്ട് ബി.എസ്.പിയുടെ ഘടകം രൂപീകരിച്ചത്. ഈ നേതാക്കളിൽ മിക്കവരും മോഡിയുടെ ഭരണത്തിനു കീഴിൽ അസംതൃപ്തരായി മാറിയ ബ്രാഹ്മണ വികാരത്തെയാണ് പ്രതിനിധീകരിച്ചത്. ഹിന്ദുത്വത്തെ ഹിന്ദുത്വം കൊണ്ടാണ് ഇക്കൂട്ടരും എതിരിട്ടത്. 164 സീറ്റിൽ മത്സരിച്ചിട്ടും ബ്രാഹ്മണ മേധാവിത്വമുള്ള വിരംഗത്താണ്, അല്ലാതെ ആദിവാസി ദലിത് മേഖലകളിലല്ല പാർട്ടി കാര്യമായ പ്രകടനം നടത്തിയത് എന്നതിന്റെ അടിസ്ഥാന കാരണവും ഇതുതന്നെ.

ചുരുക്കത്തിൽ ആശയപരമായ ഒരു വിഭജനത്തിന് കോൺഗ്രസ് ശ്രമിച്ചതേയില്ല. കാര്യങ്ങൾ പിടിയിൽനിന്നും വിട്ടുപോകുന്നുവെന്നു തോന്നിയ അവസാന ഘട്ടത്തിൽ മാത്രമാണ് ഈ തെരഞ്ഞെടുപ്പിൽ പാർട്ടി എവിടെയെങ്കിലും ചിത്രത്തിൽ ഉണ്ടായിരുന്നത്. ഭീകരതയെ കുറിച്ച ബി.ജെ.പി വിമർശനങ്ങൾക്ക് ചുട്ട മറുപടി നൽകിയത് തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കുകയും ചെയ്തു. 2002-ൽ വെറും രണ്ട് സീറ്റ് മാത്രം ലഭിച്ച മധ്യഗുജറാത്തിൽ പാർട്ടി ഒറ്റയടിക്ക് 22 സീറ്റുകളാണ് നേടിയത്. വർഗീയ കലാപം നടക്കാത്ത ഒറ്റ മണ്ഡലം പോലും ഇതിൽ ഉണ്ടായിരുന്നില്ല. ഈ മുഴുവൻ മണ്ഡലങ്ങളിലും പാർട്ടിയെ വിജയത്തിലെത്തിച്ച പ്രധാനഘടകം ആക്രമണോത്സുകതയായിരുന്നു. പാർലമെന്റ് ആക്രമണത്തിലെ പ്രതി അഫ്സലിനെ വിട്ടുതന്നാൽ ഗുജറാത്തിൽ തൂക്കിലേറ്റിക്കൊള്ളാമെന്ന മോഡിയുടെ പ്രസംഗത്തിന് പാർലമെന്റ് ആക്രമണത്തിലെ മുഖ്യപ്രതി മൗലാനാ മസ്ഊദ് അസ്ഹറിനെ തൂക്കിക്കൊല്ലാതെ കേന്ദ്രമന്ത്രിയുടെ അകമ്പടിയോടെ കാന്ദഹാറിൽ വിട്ടയച്ചത് ബി.ജെ.പിയാണെന്ന തിരിച്ചടി ശരിക്കുമേറ്റു. മോഡിയുടെ പ്രതിഛായ, വളച്ചുകെട്ടിപ്പറയുന്ന വർഗീയത എന്നിവയുടെ മേൽ കോൺഗ്രസ് ആദ്യമേ കൈവെച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ ഗുജറാത്തിലെ തെരഞ്ഞെടുപ്പു ഫലം മറ്റൊന്നായേനെ.

മോഡിയുടെ ഉജ്ജ്വല വിജയത്തിന്റെ ഗുണപരവും അല്ലാത്തതുമായ പ്രത്യാഘാതങ്ങൾ ഏറെയാണ്. അടുത്തു നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പുകൾ ഏതൊക്കെയെന്ന് വിലയിരുത്തുമ്പോഴാണ് ഈ സംഭവത്തിന്റെ ഗൗരവം കൂടുതൽ തെളിയുന്നത്. മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര, ദൽഹി തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ഇനി അസംബ്ലി തെരഞ്ഞെടുപ്പ് നടക്കാനുള്ളത്. ഈ സംസ്ഥാനങ്ങളിൽ മിക്കയിടത്തും ബി.ജെ.പിയാണ് ഭരിക്കുന്നത്. കോൺഗ്രസ് ഭരിക്കുന്ന മഹാരാഷ്ട്രയിൽ ശിവസേനയും എൻ.സി.പിയും കൈകോർക്കാനൊരുങ്ങുന്നതിന്റെ സൂചനകളാണുള്ളത്. ബാക്കിയുള്ള ഒരു സംസ്ഥാനത്തും കോൺഗ്രസ് ഇതേവരെ ചിത്രത്തിലേക്ക് ഉയർന്നിട്ടില്ല. എന്നല്ല മോഡിയെ മുന്നിൽവെച്ചാണ് ഈ സംസ്ഥാനങ്ങളിൽ ബി.ജെ.പി തെരഞ്ഞെടുപ്പ് നേരിടുകയെന്ന് പാർട്ടി വ്യക്തമാക്കുകയും ചെയ്തു. ഈ സംസ്ഥാനങ്ങളിലും ഹിന്ദുത്വത്തെ ഭയപ്പെട്ടുകൊണ്ട് മാപ്പുസാക്ഷി നിലപാടുമായാണ് കോൺഗ്രസ് തെരഞ്ഞെടുപ്പിനെ നേരിടുന്നതെങ്കിൽ അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പോടെ ദേശീയ രാഷ്ട്രീയത്തിന്റെ ചിത്രം തന്നെ മറ്റൊന്നാവുകയാണ് ഉണ്ടാവുക. ചാരക്കൂനയിൽനിന്നും ബി.ജെ.പി ഉയിർത്തെഴുന്നേൽക്കുന്ന കാഴ്ചയായിരിക്കും അത്. അതേസമയം ഗുജറാത്തിൽ ഇനിയുള്ള കാലം മോഡിയെ സംബന്ധിച്ചേടത്തോളവും നിർണായകമാണ്. ദേശീയ രാഷ്ട്രീയത്തിലേക്കുള്ള അദ്ദേഹത്തിന്റെ വഴി തുറക്കുന്നത് ഇനിയുള്ള കാലം സംസ്ഥാനത്ത് സ്വീകരിക്കുന്ന നിലപാടുകളിലൂടെയാണ്. കലാപ കേസുകളുടെ കാര്യത്തിൽ സുപ്രീംകോടതിയുടെ ഇടപെടൽ അദ്ദേഹത്തിന്റെ തലക്കു മുകളിൽ ഭീഷണിയായി ഏതുസമയത്തും പൊട്ടിവീഴാം. കണ്ണിൽ പൊടിയിടാനെങ്കിലും അദ്ദേഹത്തിന് എന്തെങ്കിലും ചെയ്യാതെ കഴിയില്ല. അദ്വാനിയുടെയും വാജ്പേയിയുടെയും കാലശേഷം ഇന്നത്തെ ബി.ജെ.പിയിൽ ഏറ്റവുമധികം പിന്തുണയുള്ള നേതാവായി മോഡി മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷേ ഒന്നുകിൽ തന്റെ കറകൾ കഴുകിക്കളഞ്ഞ് അദ്ദേഹം ശുദ്ധി നേടണം. അതല്ലെങ്കിൽ മോഡിയേക്കാൾ മോശപ്പെട്ട ഇമേജുള്ള മറ്റൊരാൾ ബി.ജെ.പിയിൽ ഉയർന്നുവരണം. വാജ്പേയിയുടെ കാലത്ത് ഒട്ടും സ്വീകാര്യനല്ലാതിരുന്ന അദ്വാനി, മോഡി ഉയർന്നു വന്നപ്പോൾ എൻ.ഡി.എക്കകത്ത് പെട്ടെന്ന് സ്വീകാര്യനായത് ശ്രദ്ധിക്കുക. രാമസേതു പ്രക്ഷോഭത്തിലൂടെ തൊഗാഡിയ ദേശീയ രാഷ്ട്രീയത്തിലേക്ക് മടങ്ങിയെത്തിയതും നാം കണ്ടു.

മോഡിയുടെ മുമ്പിൽ കാലം ഇനിയും ഒരുപാടുണ്ട് എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ സവിശേഷത. കോൺഗ്രസ് ഇന്നത്തെ നിലയിൽ മുന്നോട്ടു പോയാൽ നരേന്ദ്രഭായി ദാമോദർദാസ് മോഡി ഇന്ത്യയുടെ പ്രധാനമന്ത്രിയാവുന്ന കാലം അതിവിദൂരമല്ല. ■

**ഒരു ഭാഗത്ത് മോഡിയുള്ളപ്പോൾ മൃദുല ബ്രാൻഡ് ഹിന്ദുത്വക്കാരെ ജനം എന്തിന് സ്വീകരിക്കണം എന്ന ചോദ്യം തീർച്ചയായും ഈ തെരഞ്ഞെടുപ്പിൽ ഉയർന്നു. ചുറ്റുപാടുകൾ കാണാതിരിക്കാൻ സ്വന്തം തല മണലിൽ പൂഴ്ത്തിവെക്കുന്ന ഒട്ടകപക്ഷിയുടെ നയമാണ് ഇതിന് കോൺഗ്രസ് കണ്ടെത്തിയ പോംവഴി.**